## ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

309 (287) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് 1989 പ്രകാരം പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണ്, ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസുകളിൽ ഇപ്പോഴും കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്ര; അന്വേഷണം പൂർത്തിയാക്കാത്തവ എത്ര; അതിൽ ഒരു വർഷവും രണ്ട് വർഷവും മൂന്ന് വർഷവും നാല് വർഷവും പിന്നിട്ട കേസുകൾ എത്ര; വ്യക്തമാക്കാമോ;

(സി) ഈ കേസുകളിലെല്ലാമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ഉള്ളവരെത്ര;

(ഡി) ഇവയിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടന്ന അതിക്രമങ്ങൾ, കൊലപാതകങ്ങൾ, പീഡനക്കേസുകൾ, ബലാൽസംഗക്കേസുകൾ എന്നിവ ഓരോന്നും എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4,366 കേസുകൾ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി)

| | |
|---|---|
| കുറ്റപത്രം നൽകിയിട്ടില്ലാത്ത കേസുകൾ | 2,469 |
| അന്വേഷണം പൂർത്തിയാക്കാത്ത കേസുകൾ | 551 |

അന്വേഷണം പൂർത്തിയാകാത്ത കേസുകളിൽ

| | |
|---|---|
| ഒരു വർഷത്തിന് താഴെയുള്ളത് | 465 |
| ഒരു വർഷത്തിനും രണ്ടു വർഷത്തിനും ഇടയിലുള്ളത് | 65 |
| രണ്ടുവർഷത്തിനുംമൂന്നും വർഷത്തിനും ഇടയിലുള്ളത് | 17 |
| മൂന്ന് വർഷത്തിനും നാലു വർഷത്തിനും ഇടയിലുള്ളത് | 3 |
| നാലുവർഷത്തിന് മുകളിലുള്ളത് | 1 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 644 പേരെ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി)

| കേസ്സുകളുടെ എണ്ണം | സ്ത്രീകൾക്കെതിരെ നടന്നത് (പെൺകുട്ടികൾ ഉൾപ്പെടെ) | കുട്ടികൾക്കുനേരെ നടന്ന അതിക്രമങ്ങൾ (All Crime against Children cases under SC/ST POA) |
|---|---|---|
| കൊലപാതകകേസ്സുകൾ | 11 | 1 |
| ബലാത്സംഗകേസ്സുകൾ | 645 | 194 |
| മറ്റ് പീഡന കേസ്സുകൾ | 1191 | 137 |
| അതിക്രമങ്ങൾ | 1847 | 332 |

**പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾ**

310 (288) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങളെ ഗൗരവത്തോടെയാണ് കാണുന്നതെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പോലീസിനു കീഴിൽ മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളോടുള്ള സമീപനത്തിൽ കാലോചിതമായ രീതിയിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റാന്വേഷണത്തിനും ക്രമസമാധാനപാലനത്തിനും നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് പോലീസ് നടപടികൾ സ്വീകരിക്കുമ്പോൾ ആയത് നിയമത്തിന്റെ പരിധി ലംഘിക്കുന്നുവെന്ന പരാതികൾ അപൂർവ്വം ചില സന്ദർഭങ്ങളിൽ ഉണ്ടാകാറുണ്ട്. അപ്രകാരം ഉണ്ടാകുന്ന പരാതികളിൽ അവയുടെ സ്വഭാവവും ഗൗരവവും പരിഗണിച്ച് അന്വേഷിച്ച് ഉചിതമായ തിരുത്തൽ നടപടികൾ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കാറുണ്ട്. അതിനാൽ മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച് പോലീസിന് എതിരായ പരാതികൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly